ശ്രീ. അയ്യരുടെ കാഷ്വൽ ലീവിനുള്ള അപേക്ഷകൾ അനുവദനീയമല്ലെന്ന് കണ്ടിട്ടുള്ളതും ആകുന്നു. ഇത് സംബന്ധിച്ച് ശ്രീ. അയ്യരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ജനുവരി, ഫെബ്രുവരി മാസത്തെ ശമ്പളം നൽകാൻ കാലതാമസം നേരിട്ടത്. ശ്രീ. സുബ്രഹ്മണ്യ അയ്യർ ഹാജരില്ലാത്ത ദിവസങ്ങൾ ഒഴിച്ചുള്ള ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ശമ്പളം കൊടുക്കുന്നതിന് ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷിക സർവ്വകലാശാലയിലെ ഹരിജനങ്ങളുടെ പ്രാതിനിധ്യം

1226 [1957] ശ്രീ. വി. കെ. രാജൻ :

ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ നോൺ ടീച്ചിങ്ങ് വിഭാഗത്തിൽ ഗസറ്റഡ് തസ്തികയിൽ എത്ര നിയമനങ്ങളാണ് ഡയറക്ടർ റിക്രൂട്ടുമെന്റ് വഴി നടത്തിയിട്ടുള്ളത്;

(ബി) അതിൽ ഹരിജനങ്ങളും എത്ര പേരുണ്ട്;

(സി) ഗവൺമെന്റ് തീരുമാന പ്രകാരമുള്ള പത്തുശതമാനം ഇവിടെ ഹരിജനങ്ങൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പത്തുശതമാനം പ്രസ്തുത തസ്തികകളിലേക്ക് ഹരിജനങ്ങളെ നിയമിക്കുമോ ?

ഉത്തരം

(എ) മൂന്ന് എണ്ണം.

(ബി) ആരുംതന്നെയില്ല.

(സി, ഡി) തസ്തികകളും മൂന്നും മൂന്ന് പ്രത്യേക തസ്തികകളാണ്. ഇവയിൽ പത്തുശതമാനം റിസർവേഷൻ പാലിക്കുക സാദ്ധ്യമാവുകയില്ല.

വാളിയപ്പാടം ഐ. പി. ഡി. യൂണിറ്റ് ആരംഭിക്കുന്നതിന് മെമ്മോറാണ്ടം

1227 [1960] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുവ്വാറ്റുപുഴ താലൂക്കിൽ വാളിയപ്പാടം എന്ന സ്ഥലത്ത് ഒരു ഐ. പി. ഡി. യൂണിറ്റ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാളിയപ്പാടം എന്ന സ്ഥലത്ത് ഒരു ഏലാ യൂണിറ്റ് സ്ഥാപിക്കുന്ന കാര്യം പുതിയ ഏലാ യൂണിറ്റുകൾ അനുവദിക്കുമ്പോൾ പരിഗണിക്കണമെന്ന് കൃഷി ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly